LIBRARY ARCHIVES Kerala Legislative Assembly

ലഭിക്കുന്നു. 2015-16 വർഷത്തിൽ സംസ്ഥാനത്തെ എല്ലാ ജില്ലകളിലും കേരവൃക്ഷ ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കിവരുന്നു. 2014-15 വർഷത്തിൽ തെങ്ങൊന്നിന് (15 വർഷംവരെ പ്രായമുള്ളവ) 600 രൂപയിൽനിന്നും 900 രൂപയായും (16 വർഷം മുതൽ 60 വർഷം വരെ പ്രായമുള്ളവ) 1150 രൂപയിൽനിന്നും 1750 രൂപയായും നഷ്ടപരിഹാരതുക ഉയർത്തിയിട്ടുണ്ട്. കേന്ദ്ര സർക്കാരും സംസ്ഥാന സർക്കാരും സംയുക്തമായി നടപ്പിലാക്കുന്ന പരിഷ്കരിച്ച ദേശീയ കാർഷിക ഇൻഷ്വറൻസ് പദ്ധതിയും കാലാവസ്ഥാധിഷ്ഠിത വിളഇൻഷ്വറൻസ് പദ്ധതിയും കേരവൃക്ഷ ഇൻഷ്വറൻസ് പദ്ധതിയും 2015-16 വർഷത്തിൽ സംസ്ഥാനത്ത് കേന്ദ്ര സർക്കാരിന്റെ അനുമതിയോടെ നടപ്പിലാക്കിവരുന്നുണ്ട്.

(ബി) അഗ്രിക്കൾച്ചറൽ ഇൻഷ്വറൻസ് കമ്പനി ഓഫ് ഇന്ത്യ മുഖേനയാണ് പരിഷ്കരിച്ച ദേശീയ കാർഷിക ഇൻഷ്വറൻസ് പദ്ധതി, കാലാവസ്ഥാധിഷ്ഠിത വിള ഇൻഷ്വറൻസ് പദ്ധതി, കേരവൃക്ഷ ഇൻഷ്വറൻസ് പദ്ധതി എന്നിവ നടപ്പിലാക്കുന്നത്.

(സി) സംസ്ഥാന വിളഇൻഷ്വറൻസ് പദ്ധതിപ്രകാരം പദ്ധതിയിൽ ചേരുന്ന കർഷകർ കാലാകാലങ്ങളിൽ സർക്കാർ നിശ്ചയിക്കുന്ന പ്രീമിയം തുക അടച്ചിരിക്കേണ്ടതാണ്. പ്രീമിയം തുക അടച്ച ദിവസം മുതൽ ഏഴ ദിവസങ്ങൾക്കുശേഷം ഉണ്ടാകുന്ന കൃഷിനാശത്തിന് മാത്രമേ നഷ്ടപരിഹാരത്തിന് അർഹതയുള്ളൂ. കാലാവസ്ഥാധിഷ്ഠിത വിള ഇൻഷ്വറൻസ് പദ്ധതിയിൽ പ്രീമിയം തുകയുടെ 50% കേന്ദ്ര-സംസ്ഥാന സർക്കാരുകൾ തുല്യമായും, 50% കർഷകരും വഹിക്കും. 2015-16 വർഷത്തിൽ പരിഷ്കരിച്ച ദേശീയ അഗ്രിക്കൾച്ചറൽ ഇൻഷ്വറൻസ് പദ്ധതി പ്രകാരം ആകെ പ്രീമിയം തുകയുടെ 40% പ്രീമിയം തുക സബ്സിഡിയായി കേന്ദ്ര-സംസ്ഥാന സർക്കാരുകൾ വഹിക്കും. കർഷകർ ബാക്കി 60% പ്രീമിയം തുകയാണ് അടയ്ക്കേണ്ടത്. കേന്ദ്ര സഹായത്തോടെ നടപ്പിലാക്കുന്ന കേരവൃക്ഷം ഇൻഷ്വറൻസ് പദ്ധതിയിൽ പ്രീമിയം തുകയുടെ 50% നാളികേര വികസന ബോർഡും 25% സംസ്ഥാന സർക്കാരും 25% കർഷകരും ചേർന്ന് നൽകുന്നു.

കാർഷിക വികസന നയം

170 (1539) ശ്രീ. എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) കേരളത്തിന് അനുയോജ്യമായ ഒരു കാർഷിക വികസന നയം രൂപീകരിച്ചിട്ടുണ്ടോ ; അതിനായി ഏതെങ്കിലും സമിതിയെ ചുമതലപ്പെടുത്തുകയുണ്ടായോ ; എങ്കിൽ എന്ന് ; വിശദാംശം ലഭ്യമാക്കാമോ ;

(ബി) പ്രസ്തുത സമിതിയിൽ ആരെല്ലാം അംഗങ്ങളായിരുന്നു ;

(സി) സമിതി എത്രകാലം പ്രവർത്തിച്ചു ; പ്രവർത്തനത്തിന്റെ വിശദാംശം ലഭ്യമാക്കാമോ ;

(ഡി) സമിതി റിപ്പോർട്ട് സമർപ്പിച്ചുവോ ; എങ്കിൽ പകർപ്പ് ലഭ്യമാക്കാമോ ?

ഉത്തരം

(എ) രൂപീകരിച്ചിട്ടുണ്ട്.

30-5-2012-ലെ സ.ഉ.നമ്പർ 132/2012/കൃഷി, 7-7-2012-ലെ സ.ഉ.നം. 168/12/ കൃഷി എന്നീ ഉത്തരവുകൾപ്രകാരം മുൻ എം.എൽ.എ. ശ്രീ. കെ. കൃഷ്ണൻ കുട്ടി ചെയർമാനായി ഒരു ഉപസമിതി രൂപീകരിക്കുകയും സംസ്ഥാനത്തിന്റെ കരട് കാർഷിക വികസന നയം തയ്യാറാക്കുവാൻ ചുമതലപ്പെടുത്തുകയും ചെയ്തു.

(ബി) മുൻ എം.എൽ.എ. ശ്രീ. കെ. കൃഷ്ണൻകുട്ടി ചെയർമാനും, കൃഷി ഡയറക്ടർ കൺവീനറുമായി രൂപീകരിച്ച ഉപസമിതിയിൽ 6 അംഗങ്ങൾ ഉൾപ്പെട്ടിട്ടുണ്ട്. അംഗങ്ങളുടെ വിശദാംശം അടങ്ങുന്ന സർക്കാർ ഉത്തരവുകൾ അനുബന്ധം 1, 2 ആയി ചേർത്തിരിക്കുന്നത് കണ്ടാലും.*

(സി) 30-5-2012-ൽ സമിതി രൂപീകരിക്കുകയുണ്ടായി. സമൂഹത്തിന്റെ വിവിധ വിഭാഗങ്ങളുടെ പ്രശ്നങ്ങളും ആവശ്യങ്ങളും മനസ്സിലാക്കുവാനും കരട് നയത്തിന്റെ രൂപരേഖയും ഉള്ളടക്കവും തയ്യാറാക്കുവാനുമായി നിരന്തരമായി പര്യാലോചനാ യോഗങ്ങൾ കൂടുകയുണ്ടായി. കൃഷിക്കാരുമായും കർഷക തൊഴിലാളികളുമായും തദ്ദേശ സ്ഥാപന പ്രതിനിധികളുമായും ഈ രംഗത്ത് പങ്കാളിത്തം വഹിക്കുന്ന വിവിധ കർഷക സംഘടനകൾ, തൊഴിൽ സംഘടനകൾ, കാർഷിക വിദഗ്ധർ, വികസന ഉദ്യോഗസ്ഥർ എന്നിവരുടെ സംഘടനകൾ സന്നദ്ധ സംഘടനകൾ എന്നിവയുമായും ദേശീയ - സംസ്ഥാന തലങ്ങളിൽ പ്രവർത്തിക്കുന്ന ഗവേഷണ സ്ഥാപനങ്ങൾ, ഉല്പന്നബോർഡുകൾ, പൊതുമേഖലാ സംരംഭങ്ങൾ തുടങ്ങിയവയുടെ തലവന്മാരുമായും കാർഷിക മാധ്യമ പ്രവർത്തകരുമായും ആകെ 48 സമ്മേളനങ്ങളും 384 മണിക്കൂർ നീണ്ട ചർച്ചകളും നടത്തിയാണ് കരട് കാർഷിക നയം തയ്യാറാക്കിയത്. 2014 ജൂലൈ 8-ന് നിയമസഭ നയം അംഗീകരിച്ചു.

(ഡി) സമിതി റിപ്പോർട്ട് സമർപ്പിക്കുകയും 28-3-2015-ൽ സംസ്ഥാന കാർഷിക വികസന നയം അംഗീകരിച്ച് ഉത്തരവാകുകയും ചെയ്തിട്ടുണ്ട്. "വികസന നയം" പകർപ്പ് അച്ചടിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുകഴിഞ്ഞു. ആയത് ലഭ്യമായാലുടൻ പകർപ്പ് ലഭ്യമാക്കുന്നതാണ്.

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly